# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## രണ്ടാം സെമസ്റ്റർ പരീക്ഷ

27.01.2019 | മാർക്ക് - 50

2 pm - 4 pm | **STD - XII** | സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. "മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

   1. ലൂക്ക 5:16 2. മത്തായി 5:16 3. മർക്കോസ് 5:16,

2. അദൃശ്യനായ ദൈവത്തെ കണ്ടെത്താനും അംഗീകരിക്കാനും ദൈവത്തിന് പൂർണമായി സമർപ്പിക്കാനും മനുഷ്യനെ പ്രാപ്തനാക്കുന്ന സിദ്ധിയാണ്

   1. സ്നേഹം 2. പ്രത്യാശ 3. വിശ്വാസം

3. ആധുനിക മനുഷ്യന്റെ സഹയാത്രികരാണ്

   1. സംസ്കാരങ്ങൾ 2. മാധ്യമങ്ങൾ 3. തൊഴിലുകൾ

4. ഒരാൾ ഇസ്ലാം ആയിരിക്കാനും സ്വർഗപ്രാപ്തി നേടുവാനുമായി അനുഷ്ഠിക്കുന്ന ധർമ്മങ്ങൾ

   1. പഞ്ചഗ്രന്ഥി 2. പഞ്ചസ്തൂപങ്ങൾ 3. അഷ്ടാംഗമാർഗങ്ങൾ

5. വിശ്വാസം അറിയാനും, വിശ്വാസത്തിൽ വളരാനും, പ്രഘോഷിക്കാനുമുള്ള ഓരോ ക്രൈസ്തവന്റെയും വിളിക്കുള്ള ഉത്തേജക ഔഷധമാണ് ഫ്രാൻസിസ് മാർപ്പാപ്പയുടെ

   1. സിനഡാലിറ്റി എന്ന ദർശനം 2. സോളിഡാരിറ്റി എന്ന ദർശനം
   3. സൊഡാലിറ്റി എന്ന ദർശനം

**B. പൂരിപ്പിക്കുക** **1x 5=5**

6. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോമിശിഹായാൽ സ്ഥാപിതമാണ് ——————

7. പ്രപഞ്ചത്തിന്റെ പൊരുൾതേടുന്ന മനുഷ്യൻ എന്നും ഒരു —————— ആയിരുന്നു.

8. മനുഷ്യനിലെ —————— തൊട്ടുണർത്താനല്ല —————— തുറന്നുവിടാനാണ് ഇന്നത്തെ മാധ്യമസംസ്കാരം കൂടുതലും ഇടവരുത്തുന്നത്.

9. —————— കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബ്ബാനയിലും പങ്കുകൊള്ളണം. ആ ദിവസങ്ങളിൽ —————— ചെയ്യുകയുമരുത്.

10. തോമസ് പറഞ്ഞു: —————— , —————— യേശു അവനോട് പറഞ്ഞു. 'നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ.' (യോഹ 20, 28)

## C. മൂന്നോ നാലോ വാചകങ്ങളിൽ ഉത്തരമെഴുതുക 2x 7=14

11. സത്യാന്വേഷണത്തിനായി മനുഷ്യർ ഉയർത്തുന്ന ചോദ്യങ്ങൾ ഏവ?
12. കൗദാശികജീവിതത്തിലൂടെ ഈശോയ്ക്ക് സാക്ഷികളാകാൻ നമുക്ക് എങ്ങനെ സാധിക്കും?
13. സഭ ഏകമാണ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
14. അക്രൈസ്തവമതങ്ങളോടുള്ള നമ്മുടെ സമീപനരീതിയെകുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിലെ പ്രഖ്യാപനമെന്ത്?
15. മാധ്യമങ്ങളിലൂടെ 'പഠിപ്പിക്കുക' എന്ന ധർമ്മം നിറവേറ്റപ്പെടുന്നത് എങ്ങനെ?
16. കുമ്പസാരത്തിനുള്ള ജപം എഴുതുക.
17. പ്രകാശത്തിന്റെ രഹസ്യത്തിലെ അഞ്ചാമത്തെ രഹസ്യം എഴുതുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക.

5x 2=10

18. മാധ്യമങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്തണം?
19. ഈശ്വരാസ്തിത്വത്തെ കുറിച്ചുള്ള ബോധ്യത്തിലെത്താൻ സഹായിക്കുന്ന പഞ്ചമാർഗങ്ങളെകുറിച്ച് വിശദീകരിക്കുക.
20. കത്തോലിക്ക സഭ എന്നാൽ എന്ത്? സഭ വളർന്നത് എങ്ങനെ? എന്തുകൊണ്ട് നാം കത്തോലിക്കരായിരിക്കണം?

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 6x 1=6

21. ഈശോ എപ്പോഴും തിന്മക്കെതിരെ ശക്തമായ നിലപാടുകൾ എടുത്തിരുന്നു. ഇന്ന് സമൂഹത്തിൽ കാണുന്ന അക്രമങ്ങൾ, അനീതികൾ, ബലഹീനർക്കെതിരെയുള്ള പീഡനങ്ങൾ ഇവയ്ക്കെതിരെ ഈശോയുടെ ശിഷ്യരെന്ന നിലയിൽ നിങ്ങളുടെ പ്രതികരണരീതികൾ ഏതൊക്കെ തലത്തിലായിരിക്കും? വിശദീകരിക്കുക

| | |
|---|---|
| 22. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 42 | 10 |

# ഉത്തര സൂചിക 12-ാം തരം

1. മത്തായി 5:16 (L 12, PAGE-85-86)
2. വിശ്വാസം (L11, PAGE-81, LAST PARAGRAPH)
3. മാധ്യമങ്ങൾ (L10, PAGE-73, PARAGRAPH-2ND )
4. പഞ്ചസ്തൂപങ്ങൾ (L9, PAGE-69, PARAGRAPH-1ST )
5. സിനഡാലിറ്റി എന്ന ദർശനം(സത്യദീപം NOV 22-28)
6. കത്തോലിക്ക സഭ (L8, PAGE-58, PARAGRAPH-2ND)
7. സത്യാമ്പേഷി (L9, PAGE-65, PARAGRAPH-2ND )
8. ദൈവീകതയെ, മൃഗീയതയെ (L10, PAGE-75, PARAGRAPH-3RD)
9. കുർബാനയിൽ, വിലക്കപ്പെട്ട (നമസ്ക്കാരങ്ങൾ 10)
10. എന്റെ കർത്താവേ, എന്റെ ദൈവമെ (യോഹ 20:28) ബൈബിൾ
11. ഞാൻ ആരാണ്? പ്രപഞ്ചത്തിന്റെ ആരംഭവും അവസാനവും എങ്ങനെ? പ്രപഞ്ചത്തിൽ തിന്മയുണ്ടാകുന്നത് എന്ത്കൊണ്ട്? ജീവിതത്തിന്റെ അർത്ഥമെന്ത്? മരണശേഷം എന്ത് സംഭവിക്കുന്നു? (L11, PAGE-81, PARAGRAPH-3RD )
12. ക്രിസ്ത്യാനിയുടെ ശ്രേഷ്ഠമായ കടമ ദൈവാരധന-കൂദാശകളിലൂടെ ക്രിസ്ത്യാനി ദൈവത്തെ ആരാധിക്കുന്നു-ദൈവശക്തി പ്രാപിക്കുന്നു-കുർബ്ബാനയിലെ പങ്കാളിത്തം, കൂദാശ സ്വീകരണങ്ങൾ, ഞായറാഴ്ച ആചരണം (L12, PAGE-88, PARAGRAPH-2ND)
13. എഫേ 4,5- ദൈവം ഏകനാണ്- ഏകപുത്രനായ മിശിഹ സ്ഥാപിച്ച സഭ ഒന്ന്-മിശിഹായുടെ മൗതികശരീരം-ഈശോ മൂലക്കല്ല്-ശ്ലീഹന്മാർ അടിത്തറ (L8, PAGE-59, PARAGRAPH-1ST )
14. അറ്റ് മതങ്ങളിലെ സത്യവും, വിശുദ്ധവുമായവ സഭ തിരസ്കരിക്കുന്നില്ല-എങ്കിലും അവയിൽ നിന്ന് വ്യത്യസ്തമാണ്-ആത്മാർത്ഥമായ ബഹുമാനമുണ്ട് (L9, PAGE-71, PARAGRAPH 1ST )
15. മാധ്യമങ്ങളുടെ രണ്ടാമത്തെ ലക്ഷ്യം-വിദ്യാർത്ഥികളുടെ കഴിവും കഴിവുകേടും തിരച്ചറിയുന്നു നല്ല അധ്യാപകൻ ആകാൻ സാധിച്ചില്ലെങ്കിലും വിജ്ഞനത്തിന്റെ ശേഖരം തുറന്ന് വെക്കാൻ കഴിയും-ശാസ്ത്രസാങ്കേതിക രംഗത്തെ മാറ്റങ്ങളെക്കുറിച്ച് ബോധവത്കരിക്കാൻ കഴിയും (L10, PAGE-74, PARAGRAPH-3RD)
16. നമസ്ക്കാരങ്ങൾ 6
17. നമസ്ക്കാരങ്ങൾ
18. (L10, PAGE 77-78)
19. (L11, PAGE 83-84)
20. (L8, PAGE 58 PARAGRAPH 2 - PAGE 63 PARAGRAPH 2ND)
21. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## രണ്ടാം സെമസ്റ്റർ പരീക്ഷ

28.01.2018 — മാർക്ക് - 50

2 pm - 4 pm — **STD - XII** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

### A. ബ്രാക്കറ്റിൽ നിന്ന് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക — 1x 5=5

1. 'കാതോലികം' എന്ന പദത്തിന്റെ അർത്ഥം

   1. വിശുദ്ധം 2. ശ്ലൈഹീകം 3. സാർവ്വത്രീകം

2. പ്രേഷിതയായ സഭയുടെ അടിസ്ഥാനപരമായ ദൗത്യം

   1. മതബോധനം 2. കൂദാശകളുടെ സ്വീകരണം 3. സുവിശേഷ പ്രഘോഷണം

3. 'മതം' എന്ന വാക്കിന്റെ അർത്ഥം

   1. അഭിപ്രായം 2. വിശ്വാസം 3. പ്രസ്ഥാനം

4. 'അല്പശാസ്ത്രം ദൈവത്തിൽ നിന്ന് മനുഷ്യനെയകറ്റുന്നു. ബഹുലമായ ശാസ്ത്രം അവനെ ദൈവത്തിങ്കലേക്ക് പ്രത്യാനയിക്കുന്നു.'

   1. ഗലീലിയോ 2. ഐൻസ്റ്റീൻ 3. ബേക്കൺ

5. 'സഭാ ജീവിതത്തിന്റെ ഹൃദയവും ഉറവിടവും വി. കുർബാനയാണ്.'

   1. ഫ്രാൻസിസ് പാപ്പ 2. ജോൺ പോൾ ഒന്നാമൻ പാപ്പ 3. ജോൺ ഇരുപത്തി മൂന്നാമൻ പാപ്പ

### B. പൂരിപ്പിക്കുക — 1x 5=5

6. സഭ ഏകമാണ് അത് മിശിഹായുടെ ———— ആണ്.
7. സത്യത്തെക്കുറിച്ചുള്ള ധ്യാനത്തിലേക്ക് മനുഷ്യമനസ്സിനു പറന്നുയരാനുള്ള രണ്ടു ചിറകുകൾ പോലെയാണ്————ഉം————ഉം.
8. സഭയുടെ ശിരസ്സ്————ഉം സഭ ക്രിസ്തുവിന്റെ————ഉം ആണ്.
9. ക്രിസ്തുവിനെ————അംഗീകരിച്ച് ഏറ്റുപറയുന്നവനാണ് ക്രിസ്ത്യാനി.
10. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ————

### C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക — 2x 7=14

11. 'സുവിശേഷപ്രഘോഷണം' ഓരോ ക്രൈസ്തവന്റെയും കടമയാണ് എന്നു പറയുന്നത് എന്തുകൊണ്ട്?

12. സമ്പർക്ക മാധ്യമങ്ങളുടെ ലക്ഷ്യങ്ങൾ ഏവ?

13. ക്രൈസ്തവസാക്ഷ്യത്തിന്റെ പ്രധാന തലങ്ങൾ?

14. മറ്റു മതവിഭാഗത്തിലുള്ളവരോട് ക്രൈസ്തവർക്കുണ്ടായിരിക്കേണ്ട സമീപനം എന്തായിരിക്കണം എന്നതിനെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതെന്ത്?

15. സാമൂഹിക പ്രതിബദ്ധതയെ മുൻനിർത്തി മാധ്യമപ്രവർത്തകർ ശ്രദ്ധിക്കേണ്ട നാല് കാര്യങ്ങൾ എഴുതുക.

16. വി. തോമസ് അക്വീനാസിന്റെ പഞ്ചമാർഗ്ഗങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

17. മനസ്താപപ്രകരണം എഴുതുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജ് വീതം ഉത്തരം എഴുതുക.**

**5x 2=10**

18. ക്രിസ്തീയ സാക്ഷ്യജീവിതത്തിന്റെ വിവിധ രീതികൾ ഏവ? വിശദീകരിക്കുക.

19. മാധ്യമങ്ങളെ എങ്ങനെ സുവിശേഷ പ്രഘോഷണത്തിന് ഉപയുക്തമാക്കാം?

20. വിശ്വാസവും യുക്തിയും പരസ്പര പൂരകങ്ങളാണ്. വിശ്വാസത്തിന്റെയും യുക്തിയുടെയും സംയുക്ത തലത്തിൽ മാത്രമേ സത്യം അറിയാൻ സാധിക്കുകയുള്ളൂ. വിശദമാക്കുക.

**E. പൊതു ചോദ്യം** **6x 1=6**

21. പന്ത്രണ്ടു വർഷത്തെ വിശ്വാസ പരിശീലനത്തിനൊടുവിൽ 'ക്രിസ്തുവിൽ ജീവിക്കുവാനും ക്രിസ്തുവായി ജീവിക്കുവാനുമുള്ള' ദൗത്യം, വെല്ലുവിളികൾ നിറഞ്ഞ ഈ ലോകത്തിൽ എപ്രകാരം പ്രാവർത്തികമാക്കാനാകും എന്ന് 'എലൈവ്' പ്രോഗ്രാമിന്റെ വെളിച്ചത്തിലും വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ ജീവിത സാക്ഷ്യത്തിന്റെ വെളിച്ചത്തിലും വ്യക്തമാക്കുക.

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 33 | 10 |

# പന്ത്രണ്ടാം ക്ലാസ് - ഉത്തരങ്ങൾ

A.

1. സാർവത്രികം – Ch. 8, p. 59
2. സുവിശേഷ പ്രഘോഷണം - Ch. 12, p.88
3. അഭിപ്രായം - Ch. 9. P. 66
4. ബേക്കൺ - Ch. 11, p. 80
5. ഫ്രാൻസിസ് മാർപ്പാപ്പ - Sathyadeepam, Nov. 9-15

B. 6. മൗതീക ശരീരം Ch. 8, 59

7. വിശ്വാസവും യുക്തിയും - Ch. 11, p. 80
8. ക്രിസ്തുവും, ശരീരവും - Ch. 8, p. 58
9. ഏകരക്ഷകനായി - Ch. 9, 70
10. ബന്ധിക്കപ്പെട്ടിരിക്കും - John 20: 23 (Bible)

C. 11. രക്ഷകനായ ഇശോയെക്കുറിച്ചു നാം മറ്റുള്ളവരോട് പറയുമ്പോൾ മറ്റുള്ളവർക്ക് രക്ഷ സ്വന്തമാക്കാനും അനുഭവിക്കാനും സാധിക്കും

ഈശോ നൽകിയ ദൗത്യമാണ് സുവിശേഷ പ്രഘോഷണം (മാർക്കോസ് 16 :15 )

സഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. പ്രേഷിതയായ സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണ് സുവിശേഷ പ്രഘോഷണം - Ch. 12, p.87

12. സമ്പർക്ക മാധ്യമങ്ങൾക്കു മൂന്നു ലക്ഷ്യങ്ങളാണുള്ളത്

1. അറിവ് നൽകുക : അറിവിൻറെ വലിയ ലോകത്തെ മാധ്യമങ്ങൾ മനുഷ്യൻറെ മുൻപിൽ തുറന്നു വയ്ക്കുമ്പോൾ ക്രിയാത്മകമായി അതിനെ പ്രയോജനപ്പെടുത്തുക എന്നുള്ളതാണ് അവൻറെ ധർമ്മം

2 പഠിപ്പിക്കുക : വിദ്യാലയങ്ങളിൽ നിന്ന് നേടിയ അറിവ് വികസിപ്പിക്കാനും വളർത്താനും മാധ്യമങ്ങൾക്കു കഴിയും. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ചു ജനങ്ങളെ ബോധവൽക്കരിക്കാൻ മാധ്യമങ്ങൾ സഹായിക്കുന്നു

3 വിനോദിപ്പിക്കുക : തിരക്കിട്ട ജീവിതത്തിൽ ആയാസരഹിതമായ ഇടവേളകൾ മനുഷ്യർക്കാവശ്യമാണ് ഒരു നാടിൻറെ വിനോദോപാധികൾ അവിടുത്തെ സംസ്കാരം വിളിച്ചോതുന്നവയാണ് Ch. 10, p.74

13. ക്രൈസ്തവസാക്ഷ്യത്തിൻറെ പ്രധാന തലങ്ങൾ മൂന്നാണ്

1 കുടുംബം : ഈശോയുടെ വചനങ്ങൾ അനുസരിച്ചു മാതാപിതാക്കൾ ജീവിക്കുമ്പോൾ അത് കുഞ്ഞുങ്ങൾക്കു ഒരു മാതൃകയും പ്രചോദനവുമായിത്തീരുന്നു

2 ഇടവക : ഇടവകയിലെ പ്രബോധങ്ങളിൽ പങ്കുചേർന്നുകൊണ്ടും ഞായറാഴ്ച്ച ആചരണങ്ങളിൽ പങ്കെടുത്തുകൊണ്ടും ഈശോക്ക് സാക്ഷ്യം വഹിക്കാൻ നമുക്ക് സാധിക്കും. സംഘടനാ പ്രവർത്തനങ്ങൾ, കുടുംബയൂണിറ്റുകൾ, വിശ്വാസപരിശീലന പ്രവർത്തനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ - ഈ വിധത്തിലുള്ള പ്രവർത്തനങ്ങളിലൂടെയും ഈശോക്ക് സാക്ഷികളാകാൻ സാധിക്കും

3 . സമൂഹം : സമൂഹത്തിൽ ഏറ്റെടുത്തിട്ടുള്ള ഉത്തരവാദിത്വങ്ങളും ജോലികളും കൃത്യമായി നിറവേറ്റികൊണ്ടു ക്രിസ്തുവിനു സാക്ഷികളാകാൻ ക്രൈസ്തവന് സാധിക്കും - Ch. 12, p.86

14. മറ്റു മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ സഭ തിരസ്കരിക്കുന്നില്ല.

മറ്റു മതങ്ങളിലെ വ്യത്യസ്ത രീതികളും സിദ്ധാന്തങ്ങളും തിരുസഭ പഠിപ്പിക്കുന്നതിൽ നിന്നും വ്യത്യസ്തമാണ്, തിരുസഭ അവയെ ബഹുമാനത്തോടെയാണ് നിരീക്ഷിക്കുന്നത്

മറ്റു മതാനുയായികളുമായി സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെടാൻ സഭ ഉദ്ബോധിപ്പിക്കുന്നു.

മറ്റു മതങ്ങളിൽ ദൃശ്യമാകുന്ന ആദ്ധ്യാത്മികവും ധാർമികവുമായ നന്മകളും സാമൂഹിക സാംസ്കാരിക മൂല്യങ്ങളും അംഗീകരിച്ചു പരിരക്ഷിക്കണമെന്നും സഭ പഠിപ്പിക്കുന്നു.

ഇതര മതങ്ങൾക്ക് ക്രൈസ്തവസഭയോട് തുല്യതയുണ്ടെന്നു നാം കരുതുന്നില്ല - Ch. 9, p.71

` 15. താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും നാലു കാര്യങ്ങൾ എഴുതിയാൽ മതി.

1 ഒരു സമൂഹത്തിൻറെ സദാചാരത്തിന് നിരക്കാത്ത പരിപാടികളിൽ നിന്നും വിശദീകരണങ്ങളിൽ നിന്നും പിന്മാറാൻ മാധ്യമങ്ങൾ തയ്യാറാകണം

2 . അന്ധവിശ്വാസങ്ങൾ അനാചാരങ്ങൾ, ജാതീയമായ ക്രൂരതകൾ തുടങ്ങിയവക്കെതിരെ ജനത്തിൻറെ ബോധം ഉണർത്തുവാനും അവരെ സംഘടിക്കാനും പ്രേരിപ്പിക്കണം

3 . വ്യാപകമായ അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്നവർക്കെതിരെ സമൂഹമനഃസാക്ഷിയെ ഉണർത്തുക

4. കമ്പോളവത്കരണത്തിൻറെയും പ്രൊഫഷണലിസത്തിൻറെയും അതിപ്രസരത്തിൽ നഷ്ടപെട്ട ധാർമികത വീണ്ടെടുക്കണം

5. സ്ഥാപിത താൽപര്യങ്ങളുടെ സംരക്ഷണമെന്നതിലുപരി സമൂഹത്തിൻറെ മനഃസാക്ഷി സൂക്ഷിപ്പുകാരായി മാധ്യമങ്ങൾ മാറണം

6. യഥാർത്ഥ മൂല്യബോധത്തിലേക്കു നയിക്കുന്ന ഒരു ബദൽ സംസ്കാരത്തിന് മാധ്യമങ്ങൾ ഊന്നൽ നൽകണം

7. നേരിനെ വസ്തു നിഷ്ഠമായി അവതരിപ്പിക്കുക വഴി രാജ്യത്തെ പുരോഗതിയിലേക്കും നന്മയിലേക്കും നയിക്കാൻ മാധ്യമങ്ങൾക്കു കഴിയണം - Ch. 10, p. 76

16. താഴെ കൊടുത്തിരിക്കുന്ന അഞ്ചെണ്ണത്തിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതിയാൽ മതി

1 നാം കാണുന്ന പ്രപഞ്ചം ചലിക്കുന്ന ഒന്നാണ്. ചലിക്കുന്ന ഈ പ്രപഞ്ചത്തിനു അചഞ്ചലനായ ഒരു ചലനകർത്താവുണ്ടാകണം. ആ ചലന കർത്താവാണ് ദൈവം

2 . ഒരു വസ്തുവും അതിൻറെ തന്നെ ഉത്ഭവത്തിനു കാരണമല്ല. തന്നിൽ നിന്ന് വ്യത്യസ്തമായ ഒരു കാരണം ഓരോ വസ്തുവിനുമുണ്ടായിരിക്കണം. ആ ആദി കാരണമാണ് ദൈവം

3 എല്ലാ വസ്തുക്കളും നശ്വരമാണെന്നും ആരംഭവും അവസാനവും ഉള്ളവയാണെന്നും അനുഭവം പഠിപ്പിക്കുന്നു. നശ്വരങ്ങളായ വസ്തുക്കളുടെ ആദിയും അന്തവുമില്ലാത്ത അനശ്വര സത്തയാണ് ദൈവം

4 . സത്യം, നന്മ, സൗന്ദര്യം തുടങ്ങിയ ഗുണങ്ങൾ വ്യത്യസ്ത തോതിലും അളവിലുമാണ് ജീവജാലങ്ങളിൽ കാണുന്നത് ഈ ജീവജാലങ്ങൾക്കെല്ലാം വ്യത്യസ്ത തോതിൽ ഗുണപങ്കാളിത്തം നൽകിയ ഒരു പരമഗുണമുണ്ടായിരിക്കണം. ആ സമ്പൂർണ ഗുണത്തെയാണ് ദൈവമെന്നു പറയുന്നത്

5 . ലക്ഷ്യത്തിലേക്കു കുതിക്കുന്ന അസ്ത്രം പോലെ പ്രപഞ്ചവും അതിലെ ചരാചരങ്ങളും ലക്ഷ്യോന്മുഖമായി നീങ്ങുന്നത് നാം കാണുന്നു. ഈ പ്രപഞ്ചത്തിൻറെ നിയതമായ നീക്കത്തിന് പിന്നിൽ ഒരു നിയന്താവുണ്ട്. ആ നിയന്താവാണ് ദൈവം. - Ch. 11, p.83

17. മനസ്താപപ്രകരണം - എൻറെ ദൈവമേ, ഏറ്റവും നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേക്കെതിരെ പാപം ചെയ്തു പോയതിനാൽ പൂർണ്ണ ഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എൻറെ പാപങ്ങളാൽ എൻറെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ് കയില്ളെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ മരിക്കുവാനും ഞാൻ സന്നദ്ധനാ (സന്നദ്ധയാ) യിരിക്കുന്നു ആമ്മേൻ.

D. 18. 1 ജീവിത സാക്ഷ്യം - മാതൃകാപരമായ ജീവിതം, വ്യക്തിജീവിതം യേശുവിൻറെ പ്രബോധനങ്ങൾക്കനുസൃതമാകണം, കുടുംബത്തിലും സഭയിലും സമൂഹത്തിലുമുള്ള ജീവിത രീതി തന്നെ ഒരു സാക്ഷ്യമായി മാറണം, നമ്മുടെ ജീവിത പ്രവർത്തനങ്ങൾ കണ്ടു മറ്റുള്ളവർ ദൈവത്തെ അറിയണം, നന്മയുടെ ജീവിതം നയിക്കാൻ ശ്രദ്ധിക്കണം

2 . സുവിശേഷ പ്രഘോഷണം - യേശുവിനെ കുറിച്ച് മറ്റുള്ളവരോട് പറയണം. യേശു നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യമാണ് സുവിശേഷ പ്രഘോഷണം. രക്ഷയുടെ സുവിശേഷം പ്രഘോഷിക്കണം

3 . കൗദാശിക ജീവിതം - ഏറ്റവും ശ്രേഷ്ഠമായ കടമ ദൈവാരാധനയാണ്, വിശുദ്ധ കുർബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും ദൈവീക ജീവൻ വിശ്വാസികളിലേക്കു ചൊരിയപ്പെടുന്നു. നമ്മുടെ പങ്കാളിത്വത്തിലൂടെ മറ്റുള്ളവരുടെ വിശ്വാസജീവിതത്തിന് പ്രചോദനമേകാൻ നമുക്ക് സാധിക്കുന്നു.

4 . ജീവകാരുണ്യ പ്രവർത്തനങ്ങൾ - വേദനിക്കുന്നവരെയും ദുഃഖിതരെയും അഗതികളെയും അവശരെയും ഈശോയുടെ നാമത്തിൽ സഹായിക്കുന്ന പ്രവർത്തികളാണ് ഇവ. ജീവകാരുണ്യ പ്രവർത്തികൾ വഴി ജാതിമത ഭേദമെന്യ എല്ലാവരും ഈശോയുടെ സ്നേഹം അറിയുവാനും അനുഭവിക്കാനും ഇടയാകുന്നു.

5 സാമൂഹ്യ പ്രവർത്തനങ്ങൾ - ഈശോ തിന്മക്കെതിരെ പോരാടിയവനാണ് സമൂഹഹത്തിലെ ദുഷിച്ചതും തിന്മ നിറഞ്ഞതുമായാ വ്യവസ്ഥികൾക്കെതിരെ ശബ്ദമുയർത്താനും സുവിശേഷ മൂല്യങ്ങൾക്കായി നിലകൊള്ളാനും ക്രൈസ്തവർ ശ്രദ്ധിക്കണം

6 സഹനജീവിതവും രക്തസാക്ഷിത്വവും - ക്രിസ്തീയ ജീവിതത്തിൻറെ അവിഭാജ്യ ഘടകമാണ് സഹനജീവിതം ഈശോയെ പ്രതി പീഡിപ്പിക്കപ്പെട്ടപ്പോൾ സന്തോഷിച്ച ശിഷ്യന്മാരെപ്പോലെ രക്തസാക്ഷികളെപ്പോലെ പീഢനങ്ങളുടെയും സഹനങ്ങളുടെയും മുമ്പിൽ തളരാതിരിക്കാൻ പരിശുദ്ധാത്മാവിൻറെ കൃപ നമുക്കാവശ്യമാണ് - Ch. 12, p. 87-89

19. മാധ്യമങ്ങളെ അനന്ത സാധ്യതകളുടെ വനസ്രോതസ്സായി കാണണം. ദൈവരാജ്യത്തിൻറെ പ്രചാരണത്തിന് അവ വളരെയേറെ ഉപകരിക്കും

നല്ലതും ഉപകാരപ്രദവുമായതു തിരിച്ചിറിയാനും സ്വാംശീകരിക്കാനുമുള്ള വിവേകവും നമുക്കാവശ്യം

മതവിശ്വാസത്തെ പ്രോജ്വലിപ്പിക്കാനും ഉദാത്ത ചിന്തകളും വീക്ഷണവും വളർത്താനും വചനപ്രഘോഷണം സുഗമമാക്കാനും മാധ്യമങ്ങൾ സഹായിക്കുന്നു. സഭ പരിരക്ഷിക്കേണ്ട വിശ്വാസത്തിൻറെ

സന്ദേശം പുരമുകളിൽ നിന്ന് പ്രഘോഷിക്കേണ്ടത് മാധ്യമങ്ങളിലൂടെയാണ്.
മനുഷ്യന് സ്വന്തനമേകാനുള്ള ഉപാധികളായും മാധ്യമങ്ങൾ ഉപയോഗിക്കാം ക്രിസ്തീയ ജീവിതത്തെ പരിശൊപ്പിക്കുന്ന ഉപാധികളായി മാധ്യമങ്ങൾ ഉപയോഗിക്കാം \
പത്രമാസികകൾ, റേഡിയോ, ടെലിവിഷൻ, സിനിമ, ഇൻറ്റർ നെറ്റ്, മൊബൈൽ ഫോൺ ഇവയെല്ലാം വചന പ്രഘോഷണത്തിനുള്ള മാധ്യമങ്ങൾ ആണ്. -Ch. 10, p.77-78

20. വിശ്വാസവും യുക്തിയും പരസ്പര പൂരകങ്ങളായി വർത്തിക്കുമ്പോഴാണ് ലോകത്തിൽ സമാധാനവും പുരോഗതിയുമുണ്ടാവുക. പല ശാസ്ത്രജ്ഞന്മാരും അവരുടെ കണ്ടുപിടത്തങ്ങളിലൂടെ ദൈവത്തെ പു കഴ്ത്തുകയും ദൈവത്തിൻറെ മഹത്വം വിളിച്ചറിയിക്കുകയും ചെയ്തവരാണ് ഐൻസ്റ്റൈൻ
ഒരിക്കൽ എഴുതി „അഗാധമായ വിശ്വാസമില്ലാത്ത ഒരു യഥാർത്ഥ ശാസ്ത്രജ്ഞനെ സങ്കൽപ്പിക്കാൻ എനിക്ക് സാധ്യമല്ല മതം കൂടാതെയുള്ള ശാസ്ത്രം വികലമാണ്. ശാസ്ത്രമില്ലാത്ത മതം അന്ധവുമാണ്“.
ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറഞ്ഞു - "സത്യത്തെക്കുറിച്ചുള്ള ധ്യാനത്തിലേക്കു മനുഷ്യ മനസ്സിന് പറന്നുയരാനുള്ള രണ്ടു ചിറകുകൾ പോലെയാണ് വിശ്വാസവും യുക്തിയും. സത്യത്തെ അറിയുന്നതിനുള്ള - സ്വയം അറിയുന്നതിനുള്ള - ഒരാഗ്രഹം ദൈവം മനുഷ്യമനസ്സിൽ സ്ഥാപിച്ചിട്ടുണ്ട്." സത്യം അറിയാനുള്ള വഴികൾ ഐന്ദ്രിയാനുഭവങ്ങൾ, യുക്തിവിചാരം, വിശ്വാസം, ഉൾകാഴ്ച്ച എന്നിവയാണ്. ഈ നാലു മാർഗങ്ങളും സത്യത്തെ അറിയുന്നതിന് സ്വീകരിക്കുന്ന താത്വിക മാർഗങ്ങൾ തന്നെ.
സത്യാന്വേഷണത്തിനായി മനുഷ്യൻ ഉയർത്തുന്ന ചോദ്യങ്ങൾ ഒന്ന് തന്നെയാണ്. ഞാൻ ആരാണ്, പ്രപഞ്ചത്തിൻറെ ആരംഭവും അവസാനവും എങ്ങനെ, പ്രപഞ്ചത്തിൽ തിന്മയുണ്ടാകുന്നത് എന്തുകൊണ്ട് , ജീവിതത്തിൻറെ അർത്ഥമെന്ത്, മരണശേഷം എന്ത് സംഭവിക്കുന്നു തുടങ്ങിയ ചോദ്യങ്ങൾക്കു വിശ്വാസത്തിൻറെയും യുക്തിയുടെയും സംയുക്ത തലത്തിലെ ഇവയ്ക്കുത്തരം കണ്ടെത്താനാവു. Ch. 11, p.80-81.
വിശ്വസിക്കുക എന്നതിൻറെ അർത്ഥം, യുക്തിയുടെ പ്രസക്തി - ഇവയെക്കുറിച്ചും എഴുതിയാൽ വളരെ നല്ലത് (പേജ് 81 -82 )

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഡിപ്ലോമ രണ്ടാം വർഷ പരീക്ഷ

**26 - 01 - 2015** **STD - XII** **മാർക്ക് – 50**
**2.00 pm - 4.00 pm** **സമയം – 2 മണിക്കൂർ**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം) 15**

**(അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും കൈക്കൊണ്ട തീരുമാനങ്ങളും ഉൾക്കൊള്ളിച്ച് ഉത്തരങ്ങൾ എഴുതുക.)**

1. സമ്പർക്ക മാധ്യമങ്ങളുടെ ലക്ഷ്യം എന്ത്, മാധ്യമങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്തണം? വിശദമാക്കുക. ആകർഷകമായി അണിയിച്ചൊരുക്കുന്ന മാധ്യമ കലകൾ നമ്മെ അതിന്റെ അടിമകളാക്കുന്നു എന്നുള്ളത് ഒരു നഗ്നസത്യമാണ്. ഈ വെല്ലുവിളിയെ ഒരു ക്രൈസ്തവൻ എന്ന നിലയിൽ എങ്ങനെ നേരിടാനാകും? എന്തു കാണണം, എന്തു കേൾക്കണം, എന്തു വായിക്കണം എന്ന വ്യക്തമായ അവബോധം വളർത്തിയെടുക്കാൻ നമ്മൾ എടുക്കേണ്ട തീരുമാനങ്ങൾ ഏവ? വിവരിക്കുക. (അധ്യായം 10)
2. ഈശ്വരാസ്തിത്വത്തെക്കുറിച്ചുള്ള ബോധ്യത്തിലെത്താൻ വി. തോമസ് അക്വിനാസ് ഉന്നയിക്കുന്ന പഞ്ചമാർഗങ്ങൾ ഏവ? സകലതിനും അസ്തിത്വമേകുന്ന സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ അനുദിന ജീവിതാനുഭവങ്ങളിൽ കണ്ടുമുട്ടാനും വിധേയപ്പെടാനും നമുക്ക് ആകുന്നുണ്ടോ? വിശ്വാസപരിശീലനം അതിനു നമ്മെ സഹായിക്കുന്നതെങ്ങനെ? വിവരിക്കുക. (അധ്യായം 11)
3. വിശുദ്ധ ഗ്രന്ഥം ദൈവനിവേശിതമാണ്. വിശദീകരിക്കുക. എഴുതപ്പെട്ട ദൈവവചനമായ ബൈബിളിനെ ആദരവോടെ കാണാനും പ്രാർത്ഥനയോടെ വായിക്കാനും ഹൃദിസ്ഥമാക്കാനും നിങ്ങൾ നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാം എന്ന് വിവരിക്കുക. (അധ്യായം 6)
4. പെന്തക്കോസ്തു സമൂഹങ്ങളുടെ പോരായ്മകളും അവ ഉയർത്തുന്ന വെല്ലുവിളികളും ഏന്തെല്ലാം? ഇന്ന് ധാരാളം പെന്തക്കോസ്തു സമൂഹങ്ങൾ നമ്മുടെ ചുറ്റുപാടും ഉണ്ട്. അവരുടെ തെറ്റായ പഠനങ്ങളാൽ വശീകരിക്കപ്പെടാതിരിക്കാനുള്ള മാർഗ്ഗങ്ങൾ ഏതെല്ലാം? വിശദമാക്കുക. (അധ്യായം 3)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം) 9**

(പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്)

5. നാം കത്തോലിക്കാസഭയിലെ അംഗങ്ങൾ തന്നെ ആയിരിക്കണം. എന്തുകൊണ്ട്? ( അധ്യായം 8)
6. ക്രിസ്തീയ സാക്ഷ്യത്തിന്റെ മറ്റൊരു മേഖലയാണ് സഹനജീവിതം. വിശദമാക്കുക. (അധ്യായം 12)
7. ക്രൈസ്തവരായ നാം ഇതര മതങ്ങളോട് സ്വീകരിക്കേണ്ട സമീപനം എന്ത്? (അധ്യായം 9)
8. ജീവിതത്തിന്റെ വലിയ ഒരു പ്രലോഭനമാണ് ദ്രവ്യാഗ്രഹം. വിശദമാക്കുക. (അധ്യായം 4)

**ബൈബിൾ പഠനവും നമസ്കാരങ്ങളും**

9. ദൈവവചനം എഴുതുക. 1 ½
   യോഹന്നാൻ 20/27. അവൻ തോമസിനോട് പറഞ്ഞു: ‘‘.........
10. ‘എന്നാൽ, പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അതിൽ നിന്നു രക്തവും വെള്ളവും പുറപ്പെട്ടു.’ ഏത് അധ്യായം, എത്രാം വാക്യം? 1 ½
11. ‘വാൾ ഉറയിലിടുക. പിതാവ് എനിക്കു നൽകിയ പാനപാത്രം ഞാൻ കുടിക്കേണ്ടയോ? (യോഹ. 18/11) വിചിന്തനം എഴുതുക. 2
12. സാധാരണ ത്രിസന്ധ്യാജപം എഴുതുക 2 ½
13. തിരുഹൃദയ ജപമാലയിലെ ‘മിശിഹായുടെ ദിവ്യാത്മാവേ’ തുടങ്ങി ‘ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമെ’ വരെയുള്ള പ്രാർത്ഥന എഴുതുക. 2 ½

**പൊതുചോദ്യം (ഏതെങ്കിലും ഒരെണ്ണം) 6**

**(ക്രിസ്തീയ കാഴ്ച്ചപ്പാടിൽനിന്നുകൊണ്ട് ഉചിതമായ രീതിയിൽ രണ്ടു പേജിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക)**

14. ഫൊറോന അടിസ്ഥാനത്തിൽ നടത്തപ്പെട്ട ALIVE പ്രോഗ്രാമിൽ നിന്നും നിങ്ങൾക്കു ലഭിച്ച ഉൾക്കാഴ്ചകളുടെ അടിസ്ഥാനത്തിൽ "To live in and live out Christ" എന്ന ആശയം അനുദിനജീവിതത്തിൽ എപ്രകാരം പ്രാവർത്തികമാക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുക.. ക്രിസ്തീയ പക്വതയുടെ അടയാളങ്ങൾ (CPFS) ഏവയെന്ന് എഴുതി വിശദീകരിക്കുക
15. 24 ആഴ്ച വരെ പ്രായമുള്ള ഗർഭസ്ഥ ശിശുക്കളെ നിഷ്ക്കരുണം വധിക്കുവാൻ ലൈസൻസ് നൽകുന്ന വിധത്തിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ MTP നിയമനിർമ്മാണത്തെ എപ്രകാരമാണ് നിങ്ങൾ വിലയിരുത്തുന്നത്? ക്രിസ്ത്യാനി എന്ന നിലയിലുള്ള നിങ്ങളുടെ പ്രതികരണം പ്രധാനമന്ത്രിയ്ക്കെഴുതുന്ന ഒരു നിവേദനമായി അവതരിപ്പിക്കുക.

16. **ഇന്റേണൽ അസ്സെസ്മെന്റ്** 10
    കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഡിപ്ലോമ രണ്ടാംവർഷ പരീക്ഷ

26 - 01 - 2014
2.00 pm - 4.00 pm

**STD - XII**

മാർക്ക് – 50
സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ**

**ആദ്യത്തെ 4 ചോദ്യങ്ങൾ പാഠഭാഗത്തു നിന്നുള്ളവയാണ്. എന്നാൽ ഉത്തരങ്ങൾ അതേപടി എഴുതണം എന്ന് ഉദ്ദേശിക്കുന്നില്ല. ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും സ്വാംശീകരിച്ച കാര്യങ്ങളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതി തയ്യാറാക്കുക. അവസാനത്തെ 2 ചോദ്യങ്ങൾക്ക് (13 & 14) ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം) 18**

1. കത്തോലിക്കാ സഭയുടെ ലക്ഷണങ്ങൾ എന്തെല്ലാം? വിശദമാക്കുക. കത്തോലിക്കാ സഭയിൽ അംഗമായിരിക്കുന്നതിൽ നിനക്ക് അഭിമാനം തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ / ഇല്ലെങ്കിൽ എന്തുകൊണ്ട്? (അധ്യായം 8)
2. ദ്രവ്യാഗ്രഹം, ധൂർത്ത് തുടങ്ങിയ ജീവതത്തിന്റെ പ്രലോഭനങ്ങളെ വിശദീകരിച്ച് അവയെ അതിജീവിക്കാനുള്ള മാർഗങ്ങൾ എഴുതുക. നിങ്ങൾക്കു ലഭിച്ച വിശ്വാസപരിശീലനവും, ശിക്ഷണവും, കൗദാശിക ജീവിതവും എങ്ങനെയാണ് ഈ പ്രലോഭനങ്ങളെ അതിജീവിക്കാൻ നിങ്ങളെ പ്രാപ്തരാക്കുന്നത്? (അധ്യായം 4)
3. സമ്പർക്ക മാധ്യമങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ ഏവ? ആധുനിക യുവത മാധ്യമങ്ങളുടെ മാസ്മരിക വലയത്തിൽപ്പെട്ട് മൂല്യബോധം നഷ്ടപ്പെട്ടവരാകുന്നുണ്ടോ? എങ്ങനെ മാധ്യമങ്ങളെ മൂല്യാധിഷ്ഠിതമായി ഉപയോഗപ്പെടുത്താം? വിശദമാക്കുക. (അധ്യായം 10)
4. 'വിശ്വസിക്കുക'എന്നതിന്റെ അർത്ഥം എന്ത്? വിശ്വാസ വർഷാചരണത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തന പരിപാടികളിൽനിന്ന് നിങ്ങൾ സ്വന്തമാക്കിയ ഉൾകാഴ്ചയും ജീവിത ശൈലിയുമെന്ത്? (അധ്യായം 11)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം) 6**

5. ക്രൈസ്തവ സാക്ഷ്യജീവിതത്തിൽ കൗദാശിക ജീവിതത്തിനുള്ള പ്രാധാന്യം വിശദമാക്കുക. (അധ്യായം 12)
6. ദൈവവചനം ജീവിതത്തെ വിശുദ്ധീകരിക്കുന്നു. കുറിപ്പ് തയ്യാറാക്കുക. (അധ്യായം 7)
7. വ്യക്തിതലത്തിലും സമൂഹതലത്തിലും തിന്മയുടെ ശക്തികളെ തോല്പിക്കാൻ പ്രാർത്ഥനയിലൂടെ കരുത്താർജ്ജിക്കണം. വ്യക്തമാക്കുക. (അധ്യായം 5)

**ബൈബിൾ പഠനവും നമസ്കാരങ്ങളും.**

8. ''നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.'' ഏത് അധ്യായം, എത്രാം വാക്യം? 1½
9. യേശു പറഞ്ഞു: ''എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നുവെങ്കിൽ ഞാൻ യഹൂദർക്ക് ഏല്പിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു.'' (യോഹ. 18/36). വിചിന്തനം എഴുതുക. 2
10. ഈശോ തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചപ്പോൾ പറഞ്ഞ തിരുവചനം ഏത്? (യോഹ 19/30) 1½
11. തിരുസഭയുടെ കല്പനകൾ എഴുതുക. 2½
12. തിരുഹൃദയജപമാലയുടെ കാഴ്ചവയ്പ് പ്രാർത്ഥന എഴുതുക. 2½

**പൊതുചോദ്യങ്ങൾ**

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക. 16**

13. ഫൊറോനാടിസ്ഥാനത്തിൽ നിങ്ങൾക്കായി നടത്തിയ Alive - 2013 പ്രോഗ്രാമിന്റെ ആപ്തവാക്യം 'To live in and live out Christ' എന്നായിരുന്നുവല്ലോ. പന്ത്രണ്ടുവർഷം വിശ്വാസപരിശീലനം നേടിയവരെന്ന നിലയിൽ യഥാർത്ഥത്തിൽ ക്രിസ്തുവിൽ ജീവിക്കാനും ക്രിസ്തുവിന് സാക്ഷികളായി മാറാനും നിങ്ങൾ എന്തൊക്കെ ചെയ്യണം? 'എലൈവ്' പ്രോഗ്രാമിന്റെ വെളിച്ചത്തിൽ ക്രിസ്തീയ പക്വതയുടെ 4 അടയാളങ്ങൾ, (CPFS) വ്യക്തിപരമായ അനുഭവങ്ങൾ ചേർത്ത് വിശദീകരിക്കുക.
14. ''സഭ നമുക്കോരോരുത്തർക്കും നമ്മുടെ സ്വന്തം അമ്മമാരെപ്പോലെയാണ്. അമ്മയെപ്പോലെ സഭയും നമുക്ക് ജീവൻ സമ്മാനമായി നൽകുകയാണ്.'' – ഫ്രാൻസീസ് പാപ്പ. ഒരുവൻ കത്തോലിക്കാ സഭയിൽ അംഗമായിരിക്കുന്നത് ഒരു പാർട്ടിയിലോ കമ്പനിയിലോ സംഘടനയിലോ അംഗമായിരിക്കുന്നതുപോലെയല്ല. അതൊരു സ്റ്റാറ്റസ് സിമ്പലല്ല. വിശ്വാസം വ്യക്തിപരമാണെങ്കിലും അത് പൂർണ്ണത പ്രാപിക്കുന്നത് സഭയാകുന്ന അടിത്തറയിൽ നിൽക്കുമ്പോഴാണ്. വിശദീകരിക്കുക. ഒപ്പം നമ്മുടെ മനോഭാവത്തിൽ വരുത്തേണ്ട മാറ്റങ്ങളും.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഡിപ്ലോമ പരീക്ഷ

26 - 01 - 2013 | മാർക്ക് – 50
02.00 pm - 04.00 pm | സമയം – 2 മണിക്കൂർ

## STD - XII

**നിർദ്ദേശങ്ങൾ**

**ആദ്യത്തെ 5 ചോദ്യങ്ങൾ (PART - A) പാഠഭാഗത്തു നിന്നുള്ളവയാണ്. ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും സ്വാംശീകരിച്ച കാര്യങ്ങളും ചേർത്തു വച്ച് ഉത്തരങ്ങൾ എഴുതി തയ്യാറാക്കുക. അവസാനത്തെ 2 ചോദ്യങ്ങൾക്ക് (11&12) ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.**

## PART - A

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക: 4 X 6 = 24**
**(ഏതെങ്കിലും നാലെണ്ണം)**

1. ഞായറാഴ്ചകളിലും ജോലി ചെയ്യേണ്ടി വരുന്ന, ഉയർന്ന ശമ്പളമുള്ള ഒരു ജോലിയുടെ ഓഫർ നിങ്ങൾക്കു ലഭിച്ചാൽ പ്രതികരണം എന്തായിരിക്കും? വിശ്വാസം വെറും ഒരലങ്കാരമല്ല. ജീവിതമാണ്. സമർത്ഥിക്കുക. (അധ്യായം 1)
2. ശരിയായ വഴി ചൂണ്ടിക്കാണിക്കുന്ന 'ദിക്കുനിർണ്ണയ യന്ത്രമായി' ബൈബിളിനെ കരുതുവാൻ ബനഡിക്ട് 16-ാമൻ പാപ്പ ഉദ്ബോധിപ്പിക്കുന്നു. ജീവിതം വചനാധിഷ്ഠിതമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിച്ച് സ്വന്തം ജീവിതത്തിൽ ദൈവവചനം വഴികാട്ടിയ ഏതെങ്കിലും ഒരനുഭവം പങ്കുവയ്ക്കുക. (അധ്യായം 7)
3. ക്രിസ്തീയ സാക്ഷ്യത്തിന്റെ ഒരു തലമാണ് സഹന ജീവിതം. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങൾ, രോഗങ്ങൾ, എന്നീ അവസ്ഥകളോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും? അതുവഴി എങ്ങനെ ക്രിസ്തുവിന് സാക്ഷ്യം നൽകാനാകും? വിവരിക്കുക. (അധ്യായം 12)
4. ''സിനിമയിലെ നായകനെ അനുകരിച്ച് 15 വയസ്സുകാരൻ സഹപാഠിയെ കുത്തിക്കൊന്നു.'' ''പതിവായി നീലച്ചിത്രങ്ങൾ കാണുന്ന ശീലമുള്ള 13 വയസ്സുകാരൻ നഴ്സറി വിദ്യാർത്ഥിനിയെ ബലാൽസംഗം ചെയ്ത് കൊന്നു.'' (പത്രവാർത്തകൾ)
   ആധുനിക മാധ്യമസംസ്കാരം കൗമാരക്കാരേയും യുവജനങ്ങളേയും നിഷേധാത്മകമായി സ്വാധീനിക്കുന്നുണ്ടോ? പരിഹാരമെന്ത്? (അധ്യായം 10)
5. ''പരിശുദ്ധ കത്തോലിക്കാ സഭയിൽ ഞാൻ വിശ്വസിക്കുന്നു'' എന്ന് വിശ്വാസപ്രമാണത്തിൽ നിങ്ങൾ ഏറ്റുപറയുന്നുണ്ട്. എന്തുകൊണ്ട് നിങ്ങൾ കത്തോലിക്കാ സഭയിൽ വിശ്വസിക്കുകയും നിലനിൽക്കുകയും ചെയ്യുന്നുവെന്ന് വിശദീകരിക്കുക. (അധ്യായം 8)

## PART B

**ബൈബിൾ പഠനവും നമസ്കാരങ്ങളും:**

6. നിയമത്തിന്റെ പൂർത്തീകരണം എന്ത്? (റോമ 13:10) **1**
7. ദൈവരാജ്യമെന്നാൽ എന്ത് എന്ന് പൗലോസ് ശ്ലീഹാ നമ്മെ പ്രബോധിപ്പിക്കുന്ന വചനം ഉദ്ധരിക്കുക. (റോമ. 14:17) **2**
8. റോമ 13 മുതൽ 16 വരെയുള്ള ബൈബിൾ ഭാഗത്തുനിന്നും നിങ്ങളെ സ്വാധീനിച്ച ഏതെങ്കിലും ഒരു വചനം എഴുതുക. (അധ്യായവും വാക്യവും ഏതെന്ന് വ്യക്തമാക്കണം) **2**
9. മനസ്താപപ്രകരണം എഴുതുക **2 ½**
10. ഈശോയുടെ തിരുഹൃദയ ജപമാലയുടെ കാഴ്ചവയ്പ് പ്രാർത്ഥന എഴുതുക. **2 ½**

**പൊതുചോദ്യങ്ങൾ**

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക 2 x 8 = 16**

11. റോഡപകടത്തിൽപ്പെട്ട് ചോരയിൽ പിടയുന്ന ഒരു മനുഷ്യൻ. ചുറ്റും നിരവധി കാഴ്ചക്കാർ.
    ഒന്നാമൻ: മരിച്ചിട്ടില്ലെന്നു തോന്നുന്നു. അനക്കമുണ്ട്.
    രണ്ടാമൻ: വേഗം ആശുപത്രിയിൽ എത്തിച്ചാൽ രക്ഷപെട്ടേക്കാം. ആരും എന്താ ഒന്നും ചെയ്യാത്തത്?
    മൂന്നാമൻ: ഇതിലൊക്കെ ഇടപെട്ടാൽ പൊല്ലാപ്പാകും. പോലീസ് സ്റ്റേഷനും കോടതിയുമൊക്കെ കയറിയിറങ്ങി നടക്കേണ്ടിവരും.
    ഒന്നാമൻ: ശരി തന്നെ. ഇതിനൊക്കെ പോലീസും മറ്റും ഉണ്ടല്ലോ. അയ്യോ, സമയമായി.... ഞാൻ പോകുന്നു.
    ''ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ''? ഈ ചോദ്യത്തോട് നിങ്ങളുടെ പ്രതികരണമെന്ത്?
12. വിശ്വാസികളുടെ വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുവാനും വിമലീകരിക്കുവാനും സ്ഥിരപ്പെടുത്തുവാനും ഏറ്റുപറയുവാനുമായി സഭ വിശ്വാസ വർഷം ആചരിക്കുകയാണ്. സമീപകാലത്ത് കേരളത്തിൽ രൂപം കൊണ്ട ചില വിഘടിതഗ്രൂപ്പുകൾ (Sects) കത്തോലിക്കാ വിശ്വാസികളെ സത്യ വിശ്വാസത്തിൽ നിന്ന് വ്യതിചലിപ്പിക്കുവാൻ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങളെയും അബദ്ധ പ്രബോധനങ്ങളെയും എങ്ങനെ നിങ്ങൾ തിരിച്ചറിയും? പ്രതിരോധിക്കും? വിശദമാക്കുക.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ – ഡിപ്ലോമ പരീക്ഷ രണ്ടാം വർഷം

26-01-2012
2 pm - 4 pm

**STD XII**

മാർക്ക് : 50
Time : Two Hours

**PART - A**

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. മനുഷ്യമഹത്വത്തിന്റെ പേരിൽ ദൈവത്തെ നിഷേധിക്കുന്നുവർ?
2. അതിശയോക്തി കലർന്ന സ്വയം മതിപ്പ്?
3. ബൈബിളിന്റെ ലത്തീൻ ഭാഷയിലുള്ള തർജ്ജമ?
4. ഈശോയുടെ ശുശ്രൂഷപൗരോഹിത്യ ദൗത്യം ഇന്നും അഭംഗുരം നിലനിൽക്കുന്ന സഭ?
5. 'കർത്താവിന്റെ വചനത്തിന്റെ ശബ്ദവും കർത്താവിന്റെ മുഖവും എല്ലായിടത്തും എത്തിക്കാൻ സാധ്യമായ എല്ലാ മാർഗ്ഗങ്ങളേയും പ്രോത്സാഹിപ്പിക്കേണ്ടതാണ് ' എന്ന് പഠിപ്പിച്ച മാർപാപ്പ.

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. 'വിശ്വസിക്കുവാൻ വേണ്ടി ഞാൻ ഗ്രഹിക്കുന്നു. ഗ്രഹിക്കുവാൻ വേണ്ടി ഞാൻ വിശ്വസിക്കുന്നു.'
   (വി.തോമസ് അക്വീനാസ്, വി.പൗലോസ് ശ്ലീഹാ, വി.അഗസ്തീനോസ്)
7. മരുഭൂമിയിൽ വച്ച് സാത്താന്റെ പ്രലോഭനങ്ങളെ തോൽപ്പിക്കുവാൻ ഈശോ ഉപയോഗിച്ച ആയുധം?
   (ദൈവവചനം, പ്രാർത്ഥന, ഉപവാസം)
8. 'ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്.'
   (യോഹ 6:63, യോഹ 10:10, യോഹ 5:24)
9. മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാനാവാത്ത ശക്തികളെ ദൈവമായി ആരാധിക്കുന്ന രീതി
   (ബഹുദേവതാവാദം, അദ്വൈതം, ഏകദേവതാവാദം)
10. കത്തോലിക്കാ സഭയെ പെന്തക്കൊസ്തു പ്രസ്ഥാനങ്ങളിൽ നിന്ന് വേർതിരിച്ചു നിർത്തുന്ന പ്രധാന ഘടകം?
   (ശ്ലൈഹിക അടിത്തറ, ദൈവവചനം, കൂട്ടായ്മ)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക:** 4

11. എക്യുമെനിസം എന്നാൽ എന്ത്?
12. കുടുംബം ക്രിസ്തീയ ഗുരുകുലമായി മാറുന്നതെപ്പോൾ?

**ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക.** 12

13. ഈശ്വരാസ്തിത്വത്തെക്കുറിച്ച് വി.തോമസ് അക്വിനാസ് ഉന്നയിക്കുന്ന പഞ്ചമാർഗങ്ങൾ ഏവ?
14. ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ പാലിക്കേണ്ട തത്വങ്ങൾ വിശദമാക്കുക
15. മാധ്യമങ്ങളുടെ സാമൂഹിക പ്രതിബദ്ധത ഉറപ്പാക്കാൻ മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 7

16. ക്രിസ്തീയ ജീവിതം തിന്മക്കെതിരെയുള്ള പോരാട്ടമാണ്. വ്യക്തിതലത്തിലും സമൂഹതലത്തിലും തിന്മയുടെ ശക്തികളെ നേരിടാൻ ഏതെല്ലാം തരത്തിൽ സജ്ജരാകാൻ കഴിയുമെന്ന് വ്യക്തമാക്കുക.

**PART - B**

**ബൈബിൾ പഠനം**

17. ദൈവവചനം ഉദ്ധരിക്കുക റോമ 14:17 (ദൈവരാജ്യമെന്നാൽ) 1
18. ദൈവവചനം ഉദ്ധരിക്കുക റോമ 15:1 (ബലമുള്ളവരായ നാം...) 1
19. 'അവൻ നിന്റെ നന്മയ്ക്കുവേണ്ടി ദൈവത്തിന്റെ ശുശ്രൂഷകനാണ്.' (റോമ 13:4)
   അവൻ ആര് 1
20. ഏഷ്യയിൽ ക്രിസ്തുവിനുള്ള ആദ്യഫലം? 1
21. ഒന്നൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്താണത്? 1

**നമസ്കാരങ്ങൾ**

22. കാരുണ്യ പ്രവർത്തികൾ (ആദ്ധ്യാത്മികങ്ങൾ) എഴുതുക 2½
23. ഈശോയുടെ തിരുഹൃദയ ജപമാലയിലെ കാഴ്ചവയ്പ്പ് പ്രാർത്ഥന എഴുതുക 2½

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക** 6

24. ഇന്ന് കേരളത്തിൽ പണമിടപാടു തട്ടിപ്പുകൾ പെരുകി വരുന്നു. ധനാർത്തിയും, ആഡംബരഭ്രമവും അന്ധമാക്കിയ മലയാളി സമൂഹത്തിന്റെ പശ്ചാത്തലത്തിൽ, അധ്വാനിക്കാതെ സ്വത്ത് സമ്പാദിക്കുവാനുള്ള ഈ പ്രവണതയെ ക്രൈസ്തവ കാഴ്ചപ്പാടിലൂടെ വിലയിരുത്തുക.
25. 'വയോജനങ്ങൾക്ക് (പ്രായമായവർക്ക്) വേണ്ടത് കരുണയും പരിഗണനയുമാണ്. അത് പുതുതലമുറ ചെയ്യുന്ന ഔദാര്യമല്ല. പ്രായം ചെന്ന മാതാപിതാക്കളുടെ അവകാശമാണ്.' തെരുവിലിറക്കപ്പെടുന്ന വൃദ്ധജന്മങ്ങളുടെ പശ്ചാത്തലത്തിൽ ക്രൈസ്തവ മക്കളെന്ന നിലയിൽ പ്രതികരിക്കുക.

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.** 6

26. ജീവിത വിജയത്തിന് വൈകാരിക പക്വത അഥവാ വൈകാരിക സാക്ഷരത അനിവാര്യമാണ്. ക്രിസ്തു വിശ്വാസിയെന്ന നിലയിൽ സ്വന്തം നിയന്ത്രണത്തിന്റെ അനിവാര്യ പാഠങ്ങൾ വിശദീകരിക്കുക.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ – ഡിപ്ലോമ പരീക്ഷ

26-01-2011
2 pm - 4 pm

**STD XII**

**PART - A**

മാർക്ക് : 50
Time : Two Hours

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. വിശുദ്ധ ഗ്രന്ഥ ദൃഷ്ടിയിൽ ഏറ്റവും വലിയ തിന്മ?
2. എന്തുകൊണ്ട് തിന്മയെ ജയിക്കാനാണ് ഈശോ പഠിപ്പിച്ചത്?
3. വിശ്വാസം തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പേടേണ്ട തലം?
4. എന്തിലൂടെയാണ് ദൈവം തന്റെ സ്നേഹവും കാരുണ്യവും ആദ്യമായി വെളിപ്പെടുത്തി യത്?
5. ''അവനും അവൾക്കും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് എനിക്കും ആയിക്കൂടാ?' എന്ന് ചിന്തിച്ച വിശുദ്ധൻ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ''യുക്തികൊണ്ട് തെളിയിക്കാനാവാത്തത് യാഥാർത്ഥ്യമല്ല.'
(അജ്ഞേയവാദം, യുക്തിവാദം, ഭൗതികവാദം)
7. കേരളത്തിൽ പെന്തക്കോസ്തുപ്രസ്ഥാനം ആരംഭിച്ചത്?
(19-ാം നൂറ്റാണ്ടിൽ, 18-ാം നൂറ്റാണ്ടിൽ, 20-ാം നൂറ്റാണ്ടിൽ)
8. കാതോലികം എന്ന പദത്തിന്റെ അർത്ഥം?
(ഏകം, വിശുദ്ധം, സാർവ്വത്രികം)
9. 'വിശ്വസിക്കുന്നവന് എല്ലാക്കാര്യങ്ങളും സാധിക്കും.'
(മർക്കോസ് 9:23, ലൂക്കാ 9:23, യോഹന്നാൻ 9:23)
10. 'സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണ്'
(സുവിശേഷവത്ക്കരണം 45, പ്രേഷിതപ്രവർത്തനം 45, ഇന്റർമിരിഫിക്ക 45)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക:** **4**

11. എന്തുകൊണ്ട് നമ്മൾ കത്തോലിക്കരായിരിക്കണം?
12. 'അക്രൈസ്തവമതങ്ങൾ' എന്ന രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രഖ്യാപനത്തിന്റെ വെളി ച്ചത്തിൽ മറ്റു മതങ്ങളോടുള്ള നമ്മുടെ സമീപനം എങ്ങനെയായിരിക്കണം?

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക:** **12**

13. മാധ്യമങ്ങളെ ശരിയായി വിലയിരുത്തുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏതെല്ലാം?
14. വചനാധിഷ്ഠിത ജീവിതം നയിക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? വിശദീകരിക്കുക.
15. തിന്മക്കെതിരെയുള്ള പോരാട്ടത്തിന്റെ രണ്ട് തലങ്ങൾ ഏവ? വിശദീകരിക്കുക.

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** **7**

16. ക്രിസ്തീയ ജീവിത ലക്ഷ്യത്തിന്റെ വിവിധ രീതികൾ വിശദീകരിക്കുക.

## PART - B

**ബൈബിൾപഠനം:**

17. ആർക്കാണ് അധികാരികൾ ഭീഷണിയായിരിക്കുന്നത്? 1
18. എന്തിലാണ് നിയമത്തിന്റെ പൂർത്തീകരണം? 1
19. പൗലോസ് ശ്ലീഹായുടെ വീക്ഷണത്തിൽ ജീവിച്ചാലും മരിച്ചാലും നാം ആർക്കുള്ളവരാണ്? 1
20. ആരുടെ ശക്തിയാൽ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കണം എന്നാണ് പൗലോസ് ശ്ലീഹാ റോമക്കാരെ ഉദ്ബോധിപ്പിക്കുന്നത്? 1
21. ആരെ നിരാകരിക്കണം എന്നാണ് പൗലോസ് ശ്ലീഹാ റോമക്കാരെ ഉപദേശിക്കുന്നത്? 1

**നമസ്ക്കാരങ്ങൾ:**

22. കൂദാശകൾ എത്ര? ഏവ? 2
23. ഈശോയുടെ തിരുഹൃദയജപമാലയിലെ മിശിഹായുടെ ദിവ്യാത്മാവേ..... എന്ന പ്രാരംഭപ്രാർത്ഥന എഴുതുക. 3

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക.** **6**

24. ലക്ഷ്യം നേടാൻ ഏതു മാർഗ്ഗവും സ്വീകരിക്കാം എന്ന നിലപാടിനോട് ക്രൈസ്തവൻ എന്ന നിലയിൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കണം?
25. യുക്തിമാത്രമാണ് സത്യം, വിശ്വാസം വെറും വൈകാരിക തോന്നലാണ് എന്നു പറയുന്ന സുഹൃത്തിനെ വിശ്വാസത്തിന്റെ പ്രസക്തി നിങ്ങൾ എങ്ങനെ ബോദ്ധ്യപ്പെടുത്തും?

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.** **6**

26. ഗ്രഹാം സ്റ്റെയിൻസ് വധക്കേസിന്റെ വെളിച്ചത്തിൽ, കത്തോലിക്കാ സഭയുടെ വധശിക്ഷ ക്കെതിരായ നിലപാടിനെ അപഗ്രഥിക്കുക.